പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 1864

05.12.2014 ൽ മറുപടിയ്ക്ക്

## കില-യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റുന്ന തീരുമാനം

**ചോദ്യം**

**ശ്രീ. പാലോട് രവി**

**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**

**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. വി.ഡി. സതീശൻ**

**ഉത്തരം**

**ഡോ. എം. കെ. മുനീർ**
**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| എ) കില-യെ കൽപ്പിത സർവ്വകലാശാലയാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) കിലയെ സർവ്വകലാശാലയാക്കുന്നതുമൂലം താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>• അധികാര വികേന്ദ്രീകരണത്തിലും വികേന്ദ്രികൃതാസൂത്രണത്തിലും ആഴത്തിലുള്ള പഠനങ്ങൾ നടത്തുക.<br>• അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ടഅക്കാദമിക് കോഴ്സുകൾ ആരംഭിക്കുക.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ട്രെയിനിംഗും മറ്റു പരിപാടികളും മെച്ചപ്പെട്ട രീതിയിൽ നടത്തുക. |
| സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനും ഇത് എത്രമാത്രം സഹായകരമാകുമെന്ന് വിശദമാക്കുമോ; | സി) • ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള നയരൂപീകരണത്തിന് സർക്കാരിന് സഹായകമാകുന്നു.<br>• പഠനങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലനങ്ങൾ രൂപപ്പെടുത്തുന്നതു വഴി പരിശീലനത്തിന്റെ ഗുണനിലവാരം ഉയരുന്നു. |

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർക്കും ജനപ്രതിനിധികൾക്കും ഉന്നത പഠനത്തിനുള്ള അവസരമുണ്ടാക്കുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിശീലനങ്ങൾ രൂപപ്പെടുത്തുവാൻ കഴിയുന്നു.

| | |
|---|---|
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) • കില സർവ്വകലാശാലയാക്കുന്നതിനുള്ള കരുതൽ ധനമായി നാളിതുവരെ 15 കോടി 32 ലക്ഷം രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ചു കഴിഞ്ഞു. • അധിക സ്ഥലമെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ